# പതിനാലാം കേരള നിയമസഭ
## (ഏഴാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:105** **10.08.2017-ൽ മറുപടിയ്ക്ക്**

## പൊതുജലാശയങ്ങളിൽ മത്സ്യകൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

എ) മത്സ്യകൃഷിക്ക് അനുയോജ്യമായ പൊതുജലാശയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഫിഷറീസ് വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

എ) ഉണ്ട്. മത്സ്യകൃഷിക്ക് അനുയോജ്യമായ പൊതുജലാശയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഫിഷറീസ് വകുപ്പ് ശേഖരിച്ചിട്ടുണ്ട് ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | എണ്ണം | വിസ്തൃതി (ഹെക്ടർ) |
|---|---|---|---|
| | ശുദ്ധജല സ്രോതസ്സുകൾ | | |
| 1 | പഞ്ചായത്ത് കുളങ്ങൾ | 7340 | 1367 |
| 2 | ഹോളി പോ ണ്ടുകൾ | 3224 | 400.427 |
| 3 | ഇറിഗേഷൻ ടാങ്കുകൾ | 1051 | 2313.27 |
| 4 | ശുദ്ധജല തടാകങ്ങൾ | 9 | 1620 |
| 5 | നദികൾ | 44 | 85000 |
| 6 | റിസർവോയറുകൾ | 47 | 34205 |
| 7 | ചെക്ക് ഡാമുകൾ | 80 | 259 |
| | ഓരുജല സ്രോതസ്സുകൾ | | |
| 8 | ഓരുജല പ്രദേശങ്ങൾ | ---- | 65213 |

ബി) പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

ബി) ഉണ്ട്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി ഉൾനാടൻ മത്സ്യവികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ 'ഉൾനാടൻ മേഖലയുടെ പരിപാലനവും മാനേജ്മെന്റും' എന്ന ഘടകത്തിന് 350 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്. ആയതിലെ ഉപഘടകമായി മത്സ്യസമ്പത്തിന്റെ വർദ്ധനവും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനവും എന്നിവയ്ക്കായി ആകെ 253 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കാർപ്പ്, ആറ്റുകൊഞ്ച്, കൂടാതെ തനതു മത്സ്യങ്ങളായ കരിമീൻ, കണമ്പ്, പൂമീൻ, കറുപ്പ്, വരാൽ, മുഷി തുടങ്ങിയ എയർ ബ്രീത്തിംഗ് മത്സ്യങ്ങൾ, ചെമ്മീൻ മുതലായവയുടെ മത്സ്യകുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

| | |
|---|---|
| സി) മത്സ്യകൃഷിക്ക് അനുയോജ്യമാക്കിയെടുക്കാവുന്ന പൊതുകുളങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തുമോ എന്ന് വ്യക്തമാക്കാമോ? | സി) മത്സ്യകൃഷിയ്ക്ക് അനുയോജ്യമാക്കി എടുക്കാവുന്ന പൊതുകുളങ്ങളെ സംബന്ധിച്ചുള്ള വിവര ശേഖരണം 2017-18 സാമ്പത്തിക വർഷത്തിൽ 'ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതിയിൽ' ഉൾപ്പെടുത്തി ശേഖരിച്ച് വരുന്നു. |

സെക്ഷൻ ആഫീസർ